**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷികനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കാർഷികനയം അംഗീകരിച്ചിട്ടുണ്ടോ; | (എ) | കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നയങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കാർഷിക മേഖലയിലെ ഇടപെടൽ കാര്യക്ഷമമാക്കുവാൻ 2026 ലക്ഷ്യമാക്കിയും 2033 ലക്ഷ്യമാക്കിയും വിഷൻ മാതൃകയിൽ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. |
| (ബി) | എങ്കിൽ അതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നയങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കാർഷിക മേഖലയിലെ ഇടപെടൽ കാര്യക്ഷമമാക്കുവാൻ 2026 ലക്ഷ്യമാക്കിയും 2033 ലക്ഷ്യമാക്കിയും വിഷൻ മാതൃകയിൽ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. |
| (സി) | കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന ഇൻകം ഗ്യാരന്റി ആക്ട് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിയമപരിരക്ഷയോടെ താങ്ങുവില പദ്ധതി നടപ്പിലാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. കേന്ദ്രസർക്കാർ 2014 ൽ ഫാം ഇൻകം ഇൻഷ്വറൻസ് എന്ന പദ്ധതി നടപ്പിലാക്കാവാനുദ്ദേശിച്ചെങ്കിലും 2015 ൽ തന്നെ നിർത്തലാക്കി. വിവിധ സംസ്ഥാനങ്ങൾക്ക് മാതൃകയായി ഇൻകം ഗ്യാരണ്ടി ആക്ട് നടപ്പിലാക്കാനുള്ള നടപടി കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ടതാണ്. കർഷക വരുമാനം ഇരട്ടിയാക്കുക എന്ന പ്രഖ്യാപനം കേന്ദ്രസർക്കാർ നടത്തിയിട്ടുണ്ടെങ്കിലും തുടർന്നുള്ള നിക്ഷേപ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. |
| (ഡി) | കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ ഓഹരി അവകാശം | (ഡി) | സംസ്ഥാന സർക്കാർ ദ്വിതീയ കാർഷിക മേഖല (Secondary Agriculture) ശക്തിപ്പെടുത്താൻ |

| | | | |
|---|---|---|---|
| | കർഷകന് ഉറപ്പാക്കണമെന്ന നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | തീരുമാനിച്ചിട്ടുണ്ട്. ഇതു മുഖേന കാർഷികോത്പന്നങ്ങളുടെ സംസ്കരണം ഉറപ്പാക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ 'ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം ' എന്ന ലക്ഷ്യത്തോടെ കർമ്മ പരിപാടികൾ നടത്തി വരുന്നു. പരമാവധി കർഷകരുടെ ഓഹരി മൂലധനം സ്വരൂപിച്ച് കാർഷിക ഉത്പാദക കമ്പനികൾ രൂപീകരിക്കുകയും ചെയ്തു വരുന്നു. ശക്തിയാർജ്ജിച്ചതും തെരഞ്ഞെടുക്കപ്പെടുന്നതുമായ കാർഷിക ഉൽപ്പാദക കമ്പനികൾക്ക് വിപണി പ്രോത്സാഹിപ്പിക്കുവാനും വിപണന പിന്തുണ കർഷകർക്ക് ഉറപ്പാക്കുമാനുമായി രൂപീകരിച്ചിട്ടുള്ള കേരള അഗ്രോ ബിസിനസ് കമ്പനിയിൽ ഓഹരി പങ്കാളിത്തം നേടാൻ അവസരമുണ്ടാകുന്നതിലൂടെ ലാഭവിഹിതം കർഷകനും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ